# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2987

### 18-10-2016 ലെ മറുപടിക്ക്

### കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്ട്

| ചോദ്യം<br>ശ്രീ. കെ.എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട്-1999 ലെ 3-ാം വകുപ്പനുസരിച്ച് നിധി രൂപീകരിക്കുന്നതിന് വേണ്ടി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട്-1999 ലെ 3-ാം വകുപ്പനുസരിച്ച് നിധി രൂപീകരിക്കുന്നതിനു വേണ്ടി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി 11.11.1999 ലെ സ.ഉ. (പി) നം. 2211/99/ധന ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നാളിതുവരെ നിധിയിലേയ്ക്ക് എത്ര തുക ലഭ്യമായിട്ടുണ്ട്; | പ്രസ്തുത പദ്ധതിയനുസരിച്ച് 1999-2000 മുതൽ 2003-04 വരെ കാലയളവിൽ സർക്കാർ ഗ്രാന്റായി 136.85 കോടി രൂപയും മൂന്ന് സീരീസ് ബോണ്ടുകൾ വഴി ടി കാലയളവിൽ 1023.71 കോടി രൂപയും, നിധിയിലേയ്ക്ക് ലഭിക്കുകയുണ്ടായി. ഇതിനു പുറമേ 2015-16 സാമ്പത്തിക വർഷാവസാനം അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ബജറ്റ് വിഹിതത്തിൽ നിന്നും 873.85 കോടി രൂപയും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം |

| | |
|---|---|
| | നിധിയിലേക്ക് ആകെ 2034.41 കോടി രൂപ നാളിതുവരെ ലഭ്യമായിട്ടുണ്ട്. |
| **(സി)** ഈ തുക ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്? | പ്രസ്തുത തുകയിൽ നിന്നും ഭരണ നിർവ്വഹണ ചെലവ്, ബോണ്ടിന്മേലുള്ള പലിശ, ബോണ്ടുകളുടെ റിഡംഷൻ (വീണ്ടെടുക്കൽ) എന്നീ ആവശ്യങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്